**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5603** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഓറഞ്ച് ബുക്കിലെ പുതിയ നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രകൃതിദുരന്ത ലഘൂകരണം ലക്ഷ്യമാക്കിയുള്ള നിർദേശങ്ങളടങ്ങുന്ന ഓറഞ്ച് ബുക്ക് പുതുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കാലവർഷ -തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖയുടെ ആറാം പതിപ്പ് (ഓറഞ്ച് ബുക്ക് - 2024) പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ബുക്കിൽ എന്തെല്ലാം പുതിയ നിർദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ബുക്കിൽ പുതിയതായി ഉൾപ്പെടുത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>Section 1.11 അടിയന്തിര ഘട്ട നമ്പർ 112</u><br><br>അടിയന്തര ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന പാൻ-ഇന്ത്യ നമ്പർ (112) അടിസ്ഥാനമാക്കിയുള്ള അടിയന്തര പ്രതികരണ സംവിധാനമാണ് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS). ദുരന്ത ഘട്ടങ്ങളിൽ ഉള്ള അടിയന്തിര സഹായം, പോലീസ് സഹായം, അഗ്നിശമനസേന, ആംബുലൻസ്, സ്ത്രീ സംരക്ഷണം, കുട്ടികളുടെ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട അടിയന്തര സഹായം അഭ്യർത്ഥിക്കാൻ ജനങ്ങൾക്ക് വോയ്സ് കോൾ മുഖേനയും, എസ്ഒഎസ്, എസ്എംഎസ്, ഇമെയിൽ, വെബ് അഭ്യർത്ഥന, എന്നിവ 112 മൊബൈൽ ആപ്പ് വഴിയും ചെയ്യാവുന്നതാണ്.<br><br><u>Section 1.12 ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന സയറണുകൾ</u><br><br>കാലാവസ്ഥാ സംബന്ധിയായ മുന്നറിയിപ്പുകൾ നൽകുന്നതിനായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ 91 ഇടങ്ങളിൽ സയറണുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിന്നും പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നവയാണ്. ഇവയിലൂടെ അടിയന്തര ഘട്ടങ്ങളിൽ ശബ്ദസന്ദേശങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുന്നതാണ്. 35 സയറണുകൾ കൂടി ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് വരുന്നു.<br><br><u>Section 1.13 മൊബൈൽ കേന്ദ്രീകരിച്ചുള്ള മുന്നറിയിപ്പ് സംവിധാനം</u><br><br>മുന്നറിയിപ്പുകളും ദുരന്തസംബന്ധിയായ മറ്റു വിവരങ്ങളും പരമാവധി ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുക എന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ദേശീയ ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ അപ്ലിക്കേഷൻ ആണ് COMMON ALERTING PROTOCOL BASED INTEGRATED ALERT SYSTEM (SACHET). ഇതിന്റെ ഭാഗമായി അലേർട്ട് ജനറേറ്റിംഗ് ഏജൻസികൾ (IMD, CWC, INCOIS മുതലായവ), CAP പ്ലാറ്റ്ഫോം വഴി പുറപ്പെടുവിക്കുന്ന മുന്നറിയിപ്പ്/അലേർട്ടുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള മുന്നറിയിപ്പുകൾ പൊതുജനങ്ങൾക്ക് നൽകുകയും ആണ് ചെയ്യുന്നത്. സെല്ലുലാർ നെറ്റ്‌വർക്ക്, റേഡിയോ, ടെലിവിഷൻ, ഇൻറർനെറ്റ്, സാറ്റലൈറ്റ് മുതലായ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കാൻ ഈ സംവിധാനം വഴി സാധിക്കുന്നു. ഇതിന്റെ ഭാഗമായുള്ള സചേത് എന്ന മൊബൈൽ അപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്.<br><br><u>Section 1.14 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാട്സ് ആപ്പ് ചാനൽ</u><br><br>കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾക്കും മറ്റ് അപ്ഡേറ്റുകൾക്കുമായി സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ വാട്സ് ആപ്പ് ചാനൽ പരിശോധിക്കാവുന്നതാണ്.<br><br>വാട്സ് ആപ്പ് ചാനൽ ലിങ്ക്:<br><br>https://whatsapp.com/channel/0029VaagdUA0bIduRzh22C38<br><br><u>Section 4.56</u><br><br>അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ GO (Ms) No. 25/2019/DMD dated 23-08-2019 പ്രകാരം കണക്കാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗവും, ഭരണ വിഭാഗവും, ലാൻഡ് റവന്യൂ ഉദ്യോഗസ്ഥനും ചേർന്നാണ് നാശനഷ്ടതോത് കണക്കാക്കി നൽകേണ്ടത്.<br><br><u>Section 4.57 & 5.3.12</u><br><br>ഇത്തരത്തിൽ ലഭിക്കുന്ന നാശനഷ്ട വിവര തോതിന് അനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധന സഹായം വീട്ടുടമസ്ഥന് എത്ര വീതം അനുവദിക്കണം എന്നത് സംബന്ധിച്ച് സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കും.<br><br><u>Section 5.4.2</u><br><br>ദുരന്ത പ്രതികരണ നിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന തുക ലഭ്യമാക്കുവാനുള്ള നടപടി ക്രമം |
| (സി) | ആവശ്യമായ സാങ്കേതിക സംവിധാനങ്ങളോടുകൂടിയ കൺട്രോൾ റൂമുകൾ, ആശയ വിനിമയ | (സി) | മുഖ്യമന്ത്രിയുടെയും ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ വിവിധ |

| | | | |
|---|---|---|---|
| | സംവിധാനങ്ങൾ തുടങ്ങി എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിനും മൺസൂൺകാലക്കെടുതികൾ മുന്നിൽക്കണ്ട് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | | യോഗങ്ങൾ ചേർന്ന് മഴക്കാല മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>വിവിധ വകുപ്പുകൾ മൺസൂൺ കാലത്ത് ദുരന്ത ലഘൂകരണത്തിനും മറ്റും എങ്ങനെയൊക്കെയാണ് പ്രവർത്തിക്കേണ്ടതെന്ന് നിർദേശിക്കുന്ന ഓറഞ്ച് പുസ്തകം 2023, മുൻവർഷങ്ങളിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും താലൂക് കണ്ട്രോൾ റൂം അതോറിറ്റികൾക്കും ഉപഗ്രഹ ഫോൺ, ഹോട്ട് ലൈൻ സാങ്കേതിക സൗകര്യങ്ങൾ നൽകി ഏത് അടിയന്തിര ഘട്ടത്തിലും ആശയവിനിമയം നടത്താൻ സൗകര്യമൊരുക്കിയിട്ടുണ്ട്.<br><br>ദുരന്ത സാധ്യത മുന്നറിയിപ്പുകൾ നൽകുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും വേണ്ടി സമഗ്രമായ Kerala Warnings Crisis and Hazards Management system (KaWaCHaM-കവചം) സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്യാമ്പുകൾ തയ്യാറാക്കാനാവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ നിർദേശിച്ചിട്ടുണ്ട്. National Cyclone Risk Mitigation Project (NCRMP)ൽ ഉൾപ്പെടുത്തി തീരദേശ ജില്ലകളിൽ വിവിധോദ്ദേശ ഷെൽട്ടർ ഹോമുകൾ നിർമ്മിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ജല കമ്മീഷൻ, കേന്ദ്ര കാലാവസ്ഥ വകുപ്പ് തുടങ്ങിയവയുമായി നിരന്തരം ആശയ വിനിമയം നടത്തുന്നുണ്ട്. ഓട്ടോമാറ്റിക് കാലാവസ്ഥ മാപിനികളും മഴ മാപിനികളുമടങ്ങുന്ന വിപുലമായ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.<br><br>അടിയന്തര ഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിനെത്തുന്ന ഹെലികോപ്റ്ററുകൾക്ക് ഇറങ്ങാനുള്ള സ്ഥലം കണ്ടെത്തി കേന്ദ്ര സേനകൾക്ക് കൈമാറായിട്ടുണ്ട്. എല്ലാ ദിവസവും ദുരന്ത നിവാരണ അതോറിറ്റിയുടെ എമർജൻസി ഓപ്പറേഷൻ സെന്റർ ദുരന്ത സാധ്യത മുന്നറിയിപ്പുകളും ആവശ്യമായ മുൻകരുതൽ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും മാധ്യമങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു. |
| (ഡി) | പ്രകൃതി ദുരന്തസാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് എന്തെല്ലാം പരിശീലനങ്ങളാണ് ബന്ധപ്പെട്ട പ്രവർത്തകർക്ക് നൽകിവരുന്നത്; വിശദാംശം നൽകുമോ? | (ഡി) | ആപ്ത മിത്ര, സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകർക്കായി അഗ്നിശമനരക്ഷാസേനയും സന്നദ്ധ സേന വോളണ്ടിയർമാർക്കായി സന്നദ്ധ സേന ഡയറക്ടറേറ്റ്, Institute of Management in Government (IMG), സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവരും ചേർന്ന് വിവിധ തരത്തിലുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ